# നേർവഴി-സമീകൃത മാധ്യമ സാക്ഷരതാ പദ്ധതി

ഫാ. പി. എ. ഫിലിപ്പ് (ഡപ്യൂട്ടി സെക്രട്ടറി, കാതോലിക്കേറ്റ് അരമന, ദേവലോകം)

ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായ വ്യവസ്ഥിതി എന്നീ മൂന്ന് അതിപ്രധാന സ്തംഭങ്ങളാണുള്ളത്. എന്നാൽ മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ ഒരു അനുപേക്ഷണീയ ഘടകമായിത്തീരുന്ന കാഴ്ച്ചയാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. പല ഭരണകൂടങ്ങളേയും വാഴ്ത്തുവാനും വീഴ്ത്തുവാനുമുള്ള നിരങ്കുശമായ സ്വാതന്ത്ര്യമാണ് മാധ്യമ ലോകം കയ്യാളുന്നത്. നാം എന്ത് കാണണമെന്നും കേൾക്കണമെന്നും അറിയണമെന്നുമൊക്കെ നിശ്ചയിക്കുന്നത് ഇന്ന് മാധ്യമങ്ങളാണ്. അതുകൊണ്ട് ജനാധിപത്യത്തിന്റെ നാലാംതൂൺ (fourth estate) എന്നാണ് മാധ്യമങ്ങളെ വിശേഷിപ്പിക്കുന്നത്.

വിജ്ഞാന വിസ്ഫോടനത്തിന്റെ യുഗമാണിത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാധ്യമങ്ങൾ കടന്നുവന്നിരിക്കുന്നു. ഒരു ആയുസുകൊണ്ട് ആർജ്ജിക്കേണ്ട അറിവ് ഒരു നിമിഷം കൊണ്ട് ലഭിക്കുമെന്നായിരിക്കുന്നു. ടെലിവിഷൻ, സിനിമ, റേഡിയോ, ഓഡിയോ വീഡിയോ സി.ഡി.കൾ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഇന്റർനെററ്, ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മററു പുസ്തകങ്ങൾ എന്നിങ്ങനെ മാധ്യമപ്രപഞ്ചം അതിവിശാലമാണ്. ഒരു ശരാശരി വ്യക്തി ഒരു ദിവസം ഒരു മണിക്കൂർ മുതൽ ആറു മണിക്കൂർ വരെ ഏതെങ്കിലും മാധ്യമവുമായി ബന്ധപ്പെടുന്നു എന്നാണ് ഗവേഷണ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ശക്തവും നിർണ്ണായകവുമായ വിധത്തിൽ മാധ്യമങ്ങൾ മനുഷ്യന്റെ തീരുമാനങ്ങളേയും തെരഞ്ഞെടുപ്പുകളേയും സ്വാധീനിക്കുന്നു; ആഗ്രഹങ്ങളെയും അഭിരുചികളേയും ആഭിമുഖ്യങ്ങളേയും നിയന്ത്രിക്കുന്നു.

കോട്ടയത്ത് കഴിഞ്ഞയാഴ്ച്ച നടന്ന ദാരുണമായ ഒരു സംഭവം മാധ്യമ ദുരുപയോഗം സംബന്ധിച്ച് നമ്മുടെ മനസ്സിനെ ഇളക്കുവാൻ പര്യാപ്തമാണ്. കോട്ടയം നഗരത്തിലെ മുട്ടമ്പലത്തുള്ള സർക്കാർ ക്വാർട്ടേഴ്സിലേക്കു പോകുവാൻ റെയിൽവേ ട്രാക്കിലൂടെ നടന്നു വരികയായിരുന്ന ലൈല എന്ന 47 കാരി വീട്ടമ്മ ഗേററ് കീപ്പറുടെ ക്യാബിനു നാൽപ്പതു മീററോളം അകലെ ട്രാക്കിനു നടുവിലായി കുഴഞ്ഞുവീണു. ഈ സമയം ഐലന്റ് എക്സ്പ്രസ്സ് ട്രാക്കിലൂടെ വന്നുകൊണ്ടിരിക്കു കയായിരുന്നു. ലൈല വീഴുന്നത് കണ്ട് ഗേററ് കീപ്പർ തോമസ് ചുവപ്പുകൊടി ഉയർത്തി അപായ സിഗ്നൽ കൊടുക്കുകയും ലൈലയോടു മാറാൻ വിളിച്ചു പറയുകയും ചെയ്തു. എങ്കിലും നാൽപ്പതു മീററെങ്കിലും ദൂരത്തായിരുന്നതിനാൽ ഓടിയെത്തി രക്ഷപെടുത്താനും കഴിയുമായിരുന്നില്ല. എന്നാൽ ഈ വീട്ടമ്മ വീണതിന്റെ തൊട്ടടുത്ത ട്രാക്കിന്റെ അരികിൽ രണ്ടു യുവാക്കൾ ഈ ദ്രശ്യങ്ങൾ മൊബൈലിൽ പകർത്തിക്കൊണ്ട് നിന്നിരുന്നു. ട്രെയിന് വേഗത വളരെ കുറവായിരുന്നതിനാലും സ്ത്രീയുടെ തൊട്ടടുത്തായിരുന്നതിനാലും ഈ യുവാക്കൾക്ക് സ്ത്രീയെ രക്ഷപ്പെടുത്താനുള്ള സമയവും സൗകര്യവും ആവശ്യത്തിലധികം ഉണ്ടായിരുന്നു. ഒരാളുടെ ജീവൻ അപകടത്തിലാകുന്ന സന്നിഗ്ദ്ധഘട്ടത്തിലും ഗേററ് കീപ്പർ ചുവപ്പുകൊടി കാണിക്കുന്നതും ട്രെയിൻ സ്ത്രീയുടെ ശരീരത്തിൽ കയറിയിറങ്ങുന്നതും മൊബൈലിൽ പകർത്താൻ തിരക്ക് കൂട്ടുകയായിരുന്നു ഈ യുവാക്കൾ!! മനുഷ്യത്വം മുഴുവൻ വററിവരണ്ട ഒരു തലമുറയുടെ പ്രതിനിധികളല്ലേ ഈ യുവാക്കൾ!! ഫെയ്സ്ബുക്കിലോ വാട്സ് ആപ്പിലോ ഒക്കെ ചുടോടെ ഈ ദൃശ്യങ്ങൾ പോസ്റ്റ് ചെയ്യാൻ വേണ്ടിയാണ് മനുഷ്യത്വരഹിതമായ ഈക്കാര്യം ആ യുവാക്കൾ ചെയ്തത്. നിരുത്തരവാദപരമായും വിവേക ശൂന്യമായും ആധുനിക മാധ്യമങ്ങളും ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിന്റെ നേർക്കാഴ്ച്ചയാണ് നാം അവിടെ കണ്ടത്. ഇവിടെയാണ് മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി. തുടങ്ങിയ ആധുനിക മാധ്യമങ്ങളുടേയും ഉപകരണങ്ങളുടേയും ഉപയോഗം സംബന്ധിച്ച് നാം സമൂഹത്തെ ബോധവാന്മാരാക്കേണ്ടത്.

(തുടരും...)

## Please note the change in Date of OVBS 2015



**OVBS Inaugural Ceremony June 17th 5: 00pm**

OVBS will be conducted from June 17th to June 26th from 4:30pm to 7:30pm at St. John's Marthoma Hall, Opp. UAE Exchange, Abbasiya. OVBS forms are availbale with Sunday School Teachers, OVBS forms must be duly filled by the parents and to be submitted on or before June 12th. For any Query pls contact : **Mr. Reji T. Achenkunju - 96687425 (OVBS Supt.)**

**OVBS Closing Ceremony June 26th 5: 00pm**

**OVBS Resource Person : Rev. Fr. Blesson Varghese,** Nagpur Seminary

**Sleeha Nombu (13 Days Lent)** : June 16th to 29th.
Feast of St. Peter & St. Paul : Holy Qurbana & Perunnal Service will be on 28th Sunday 6:30 pm at ACE Hall. Nercha will also be served.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (13-06-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of June. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.
*Contact Details* : **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*
**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**
**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

# Prayer Meeting Schedule for JUNE.-2015

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| Date | Name | Address | Flr. | Flat | Phone | Time (pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 05-06 | Mr. James George | Address Bldg. Near Chachoo's | 03 | 14 | 66465095 | 5:00 |
| 12-06 | Ms. Loraine Ann John | Swiss Clinic Bldg. Highway Centre side | 09 | 32 | 94991967 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 05-06 | Mr. Varghese V.T. | Opp. Landscape Garments | 07 | 26 | 24318179 | 5:00 |
| 12-06 | Mr. Ajoy Jacob George | Opp. Al Razi Pharmacy - 2nd Bldg. | 06 | 25 | 24346970 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888** | | | | | | |
| 05-06 | Mr. Jiji Samuel | Paradise Rest. Bldg. | GF | 00 | 99689394 | 5:30 |
| 12-06 | Mr. Joemon Joy | Al-Wattan Stores Bldg. / Opp. Chemmannur Jew. | 06 | 64 | 97596453 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 96629861** | | | | | | |
| 05-06 | Mr. Liju Varghese | Opp. Integrated School | 06 | 43 | 60392361 | 5:30 |
| 12-06 | Mr. Abin Baby | Asia Gulf Bakkala Bldg, Nr High Land Supr Mkt. | 08 | 36 | 51077786 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192** | | | | | | |
| 12-06 | Mr. Thomas P. John | Bldg # 30, Riggai Plaza Bldg, New Reggai | 04 | 08 | 66824275 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Cherian V.T - 99285095** | | | | | | |
| 05-06 | Mr. Philip M. Kuruvila | Opp. Indian Community School, Khaitan | 03 | 13 | 99937607 | 7:00 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900** | | | | | | |
| 05-06 | Mr. Roji Varghese | Bldg. # 57, Near Holiday Inn Hotel, Sharq | 09 | 18 | 99045267 | 6:30 |

## Mortha Mariam Vanitha Samajam

Secretary : Mrs. Susan Varghese
St. Mary's Prayer Area Co-ordinator : Mrs. Divya Jacob
St. Thomas Prayer Area Co-ordinator : Mrs. Suja Laji
St. John's Prayer Area Co-ordinator : Mrs. Pushpa Abraham
St. Gregorious Prayer Area Co-ordinator : Mrs. Ivy Cherian
St. Basil Prayer Area Co-ordinator : Mrs. Shiny Ajoy
St. Dionysius Prayer Area Co-ordinator : Mrs. Rachel Raju
St. George Prayer Area Co-ordinator : Mrs. Mercy Biju

**Mortha Mariam Samajam monthly meeting will be on 19th (Friday) after Holy Qurbana**

## HAPPY BIRTHDAY



Hanah Mariam Reji, Derick Baby Ebin, Sharon Stanley, Abigail Mariyam Ullas, Aaron Philip John, Ephraim Zohariah Joemon, Nihal Ullas Abraham, Mathew Mammen Toms, Paul George Biju

**HEARTFUL WISHES**

*For private circulation only*

Vol. 2, Issue :6 · June 2015

# Stephanian

Parish Bulletin
St. Stephens Indian Orthodox Congregation
Kuwait




കർത്താവിൽ പ്രിയരെ,

വേനലിന്റെ അതിതീവ്രമായ ചൂട് അനുഭവപ്പെട്ടുതുടങ്ങി. പ്രകൃതിയുടെ സംതുലിതാവസ്ഥയെ നശിപ്പിച്ചുകൊണ്ടുള്ള മനുഷ്യവാസത്തിന്റെ മകുട ഉദാഹരണമായ ഇന്ന് പ്രകൃതിയിൽ നേരിടുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്കും പ്രകൃതി ക്ഷോഭങ്ങൾക്കും കാരണം. കഴിഞ്ഞ ആഴ്ച്ചകളിലെ പത്രമാധ്യമങ്ങളിലൂടെ നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണല്ലോ, നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കൊടും ചൂടിന് ഇരയായി മരണം വരിക്കേണ്ടിവന്നവർ. തിരുവചനം നാം പഠിക്കുമ്പോൾ പ്രകൃതിയെ ചൂഷണം ചെയ്യുവാനല്ല പിന്നെയോ പ്രകൃതിയെ സ്നേഹിക്കുവാനും, സംരക്ഷിച്ച് മനുഷ്യന് ഉപജീവനം കണ്ടെത്തുവാനായിട്ടാണ് ദൈവം മനുഷ്യനെ ലോകത്തിൽ സൃഷ്ടിച്ചതും പ്രകൃതി ഉൾപ്പെടുന്ന സർവ്വചരാചരങ്ങളെയും മനുഷ്യനെ ഭരമേൽപ്പിച്ചതും. ആയതിനാൽ ദൈവത്തോടുള്ള മനോഭാവവും സൃഷ്ടിയോടുള്ള മനോഭാവവും മനുഷ്യരുടെ ജീവിത ദർശനത്തേയും കർത്തവ്യബോധത്തെയും സാരമായി ബാധിക്കുന്നു. ഇന്ന് മനുഷ്യ കോശങ്ങളെ കാർന്നു തിന്നുന്ന മാരകരോഗമായി കണ്ടെത്തപ്പെട്ടിരിക്കുന്ന കാൻസർ പോലെ പ്രകൃതി ചൂഷണം മാനുഷ്യനാൽ സംഭവിക്കുന്ന ഒരു കാൻസറാണ്. വനനശീകരണമൂലം പ്രകൃതിയുടെ സംതുലിതാവസ്ഥ നഷ്ടപ്പെടുകയും, കാർബൺമോണോക്സൈഡ്, കാർബൺഡയോക്സൈഡ് എന്നിങ്ങനെയുള്ള വിഷമൂലകങ്ങൾ പ്രകൃതിയിൽ നിറയുകയും മനുഷ്യന്റെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ഇത് കേവലം ഒരു ഉദാഹരണം മാത്രമാണ്. ഇതുപോലെ ഏതൊക്കെ വിധത്തിൽ മനുഷ്യൻ ഇന്ന് പ്രകൃതിയുടെ നൈസർഗ്ഗികമായ പ്രവർത്തന താളത്തിന് വിള്ളൽ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ ജൂൺ മാസം 5-ാം തീയതി നാം പരിസ്ഥിതി ദിനമായി ആചരിക്കുമ്പോൾ 'ക്രിസ്തുവെന്ന പ്രകൃതി സ്നേഹി'യെ നാം തിരിച്ചറിയണം. തന്റെ പരസ്യ ശുശ്രൂഷയിൽ ഉടനീളം പ്രകൃതിയിൽ നിന്ന് ഉദാഹരങ്ങൾ ചൂണ്ടിക്കാട്ടി തന്റെ ശിഷ്യസമൂഹത്തെ പ്രബുദ്ധരാക്കുവാൻ ക്രിസ്തു എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഏദൻതോട്ടത്തിൽ മനുഷ്യനെ ആക്കിയ ദൈവം അതിൽ വേല ചെയ്യുവാനും അതിനെ കാപ്പാനുമായി അവനെ നിയോഗിച്ചു. ഈ ഒരു പ്രയോഗത്തെ നാം ഉൾക്കൊള്ളുമ്പോൾ പ്രകൃതിയെ കുറച്ചുകൂടി മനോഹരമാക്കുവാനല്ലേ മനുഷ്യനെ ഏൽപ്പിച്ചത് എന്ന് നാം ഓർക്കണം. ആർത്തിയോടെ ഭൂമിയെ നോക്കികാണുന്ന സ്വാർത്ഥനായ മനുഷ്യനെ യിരമിയ പ്രവാചകൻ ദൈവശബ്ദത്തിലൂടെ വിമർശിക്കുന്നു. അനേക ഇടയന്മാർ എന്റെ മുന്തിരിത്തോട്ടം നശിപ്പിക്കുകയും എന്റെ ഓഹരിയെ ചിവിട്ടിക്കളയുകയും എന്റെ മനോഹരമായ ഓഹരിയെ ശൂന്യ മരുഭൂമിയാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അവരെ അവരുടെ ദേശത്ത് നിന്നും പറിച്ചുകളയും. യിരമിയ 12:10.... ആർത്തിയോടെ ഭൂമിയെ ദുരുപയോഗം ചെയ്യുന്നവൻ സ്വന്തം വാസസ്ഥലത്തെ ഇല്ലാതാക്കുന്നു എന്ന് നാം തിരിച്ചറിയണം. ഭാരതീയ പാരമ്പര്യത്തിൽ ഭൂമി അമ്മയാണ്. നമ്മെ പരിപോഷിപ്പിക്കുന്ന അമ്മയെ നാം കൊന്നു തിന്നുന്ന അവസ്ഥ ഇന്ന് സംജാതമായികൊണ്ടിരിക്കുകയാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനി ക്രിസ്തുവിനെപോലെ പ്രകൃതിയെ സ്നേഹിക്കുന്നവനായിരിക്കണം. സൃഷ്ടിതാവിന്റെ സ്നേഹം പരിചരണത്തിലൂടെയും പരിപോഷണത്തിലൂടെയും സൃഷ്ടിയിലേക്ക് സമന്വയിപ്പിക്കാനുള്ള ഒരു വലിയ കാര്യവിചാരകത്വമാണ് ദൈവം ഏദനിൽ മാനുഷ്യനെ ഭരമേൽപ്പിച്ചത്. ഈ ഒരു അനുഭവത്തിലേക്ക് ഇന്നത്തെ തലമുറയ്ക്ക് തിരിച്ചുപോകുവാൻ കഴിയുന്നില്ലായെങ്കിൽ മനുഷ്യന്റെ നിലനിൽപ്പ് ഏറെ ശോകനീയമാകും എന്നതിന് തർക്കമില്ല. പ്രിയരെ പ്രകൃതിസംരക്ഷണം മനുഷ്യന്റെ കടമയാണ്, അതിനായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

ജൂൺ മാസം 16 മുതൽ 29 വരെയുള്ള ദിവസങ്ങൾ ശ്ലീഹാനോമ്പായി പരിശുദ്ധ സഭ കൊണ്ടാടുന്നു. പരിശുദ്ധാത്മ നിറവിൽ ജ്ഞാന സമ്പൂർണ്ണരായി ആത്മശക്തി കൈവരിച്ച ശിഷ്യന്മാർ ലോകമെമ്പാടും പോയി ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുകയും ക്രൈസ്തവസഭയുടെ വേരുറപ്പിക്കുകയും ചെയ്തു. അവരെ നാം ഓർക്കുമ്പോൾ അവരുടെ ജീവിത മാതൃക നമ്മെ സ്വാധീനിക്കണം. അവരുടെ മദ്ധ്യസ്ഥത ക്രിസ്തുവിങ്കിലേക്ക് ആകർഷിക്കപ്പെടുവാനുള്ള ഒരു മാർഗ്ഗവും മാദ്ധ്യമവും ആകണം. ആത്മീയ ജീവിതത്തിലും, ആത്മീയ ഭരണചക്രത്തിലും ലൗകീകത കൊടികുത്തി വാഴുന്ന ഈ കാലഘട്ടത്തിൽ സഭയിലും ഇടവകകളിലും സമാധാനത്തിനും ദൈവോചിതമായ പ്രവർത്തനത്തിനുമായി നമുക്കും ഹൃദയപൂർവ്വം ഉരുവിടാം.

പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരേ! കർത്താവോടായ്, ഭിന്നത സഭ തൻ സന്താനങ്ങളിലില്ലാതാവാൻ
നിങ്ങളതിൽ ചൊല്ലിയതാകും വിശ്വാസത്തെ, മായിച്ചിടുവാൻ ദുസ്താർക്കികരതിനെചുററുന്നു
സത്യമതാം മൂശയിലാവചനം, കനം പോൽ ശോധിച്ചീടട്ടെ.....

സ്നേഹപൂർവ്വം,

**Vicar : Fr.Saju Philip, Mob. - 60696128 / 24347327**

# വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

**നമ്മുടെ കുർബാന തക്സ്സായുടെ ഉത്ഭവവും വളർച്ചയും**

പൗരസ്ത്യ ആരാധനക്രമങ്ങളെ അന്ത്യോഖ്യൻ എന്നും, അലക്സാന്ത്രിയൻ എന്നും രണ്ടായി തിരിക്കാം. സുറിയാനി ഓർത്തഡോക്സ് സഭ, അർമ്മനീയൻ സഭ, ഗ്രീക്ക് (ബൈസന്റയിൻ) ഓർത്തഡോക്സ് സഭ എന്നിവയുടെ ആരാധനകൾ അന്ത്യോഖ്യൻ പാരമ്പര്യത്തിൽപ്പെട്ടതാണ്. കോപ്റ്റിക്, എത്യോപ്യൻ സഭകളുടെ ആരാധനകളാണ് അലക്സാന്ത്രിയൻ പാരമ്പര്യത്തിൽപ്പെടുന്നത്. സുറിയാനി ഓർത്തഡോക്സ് സഭയിലേതുപോലെ ഇത്രയധികം കുർബാന തക്സാകളുള്ള മറ്റൊരു സഭയും ഇല്ല. എഴുപതിൽപരം കുർബാനതക്സാ ക്രമങ്ങൾ നമ്മുടെ സഭയിൽ ഉണ്ട്. അതിൽ ഒരു ഡസനോളം ഇന്ന് ഉപയോഗത്തിലിരിക്കുന്നവയാണ്. വിവിധ കുർബാന തക്സാക്രമങ്ങൾ ഉണ്ടെങ്കിലും അതിൽ ഏററവും പുരാതനവും, പ്രധാനവും വി. യാക്കോബിന്റെ തക്സാ ആണ്. വി. യാക്കോബിന്റെ തക്സായെ അടിസ്ഥാനമാക്കിയാണ് മററു തക്സാകൾ എഴുതപ്പെട്ടത്. പതിനാലാം നൂററാണ്ടുവരെ തക്സാകൾ സുറിയാനിസഭയിൽ എഴുതി ഉണ്ടാക്കപ്പെട്ടിട്ടുണ്ട്.

**വി. യാക്കോബിന്റെ തക്സാ** : കർത്താവിന്റെ സഹോദരനായ വി. യാക്കോബ് എഴുതിയതാണ് ഈ തക്സായെന്നാണു പാരമ്പര്യം. യെറുശലേമിലാണ് ഇതു രൂപം പ്രാപിച്ചതെങ്കിലും വി. യാക്കോബിന്റെ കാലത്ത് ഇന്നത്തെ രൂപത്തിൽ ഈ തക്സാ ഉണ്ടായിരുന്നു എന്നതിനു തെളിവുകൾ പ്രകടമല്ല. നാലാം നുററാണ്ടിൽ, യെറുശലേമിലെ വി. കൂറിലോസിന്റെ വി. കുർബാനയെപ്പററിയുള്ള പ്രസംഗങ്ങളിൽ ഈ തക്സായിൽ നിന്നുള്ള ഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്. നാലാം നൂററാണ്ടിലെ മററു ചില ആരാധനക്രമങ്ങളിലും ജോൺ ക്രിസോസ്റ്റത്തിന്റെ പ്രസംഗങ്ങളിലും യാക്കോബിന്റെ തക്സായിൽ നിന്നുള്ള ഭാഗങ്ങൾ കാണുവാൻ കഴിയും. അതിനാൽ നാലാം നൂററാണ്ടിൽ ഈ തക്സാ യെറുശലേമിൽ ഉപയോഗത്തിലിരുന്നു എന്ന് മനസ്സിലാക്കാം. യാക്കോബിന്റെ തക്സാ ആദ്യം ഗ്രീക്കിലാണു എഴുതപ്പെട്ടത്. തക്സായുടെ ഇന്നത്തെ രൂപം നാലാം നൂററാണ്ടിൽ ഉണ്ടായി എന്നു വിചാരിക്കാം. അഞ്ചാം നൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഇതു സുറിയാനിയിലേക്ക് തർജമ ചെയ്തു. എത്തറിയാ എന്നൊരു സ്ത്രീ സ്പെയിനിൽ നിന്നും എ.ഡി. 414നും 416 നും ഇടയിൽ യറുശലേമിൽ തീർത്ഥാടനം നടത്തുകയുണ്ടായി. യെറുശലേമിലെ ആരാധനയെപ്പററി അവർ വിവരിക്കുന്നുണ്ട്. അക്കാലത്തു യറുശലേമിൽ ഗ്രീക്കിൽ വി. കുർബാന ചൊല്ലിയിരുന്നുവെങ്കിലും, സാധാരണക്കാർക്ക് മനസ്സിലാകുന്നതിനുവേണ്ടി സുറിയാനിയിലേക്കു പ്രാർത്ഥനകൾ തർജമ ചെയ്തിരുന്നു എന്ന് അവർ രേഖപ്പെടുത്തുന്നു. സുറിയാനിയിലുള്ള തക്സാ ഇങ്ങനെയാണു ഉപയോഗത്തിൽ വരുന്നത്. ആറാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ സുറിയാനിസഭ, യാക്കോബിന്റെ തക്സാ ഗ്രീക്കിൽ നിന്നും സുറിയാനിയിലേയ്ക്കും വീണ്ടും തർജ്ജമ ചെയ്തു. ഈ തർജ്ജമ ഗ്രീക്കു മൂലത്തോടു വലിയ വിശ്വസ്തത പുലർത്തിയില്ല. അതിനാൽ ഏഴാം നൂററാണ്ടിൽ എഡേസായിലെ വി. യാക്കോബ് (640-708) ഗ്രീക്കു കൈയെഴുത്തു പ്രതികൾ മൂശെ ബർ കീപ്പായും (9-ാം നൂററാണ്ട്) ദീവന്നാസ്യോസ് ബർ സ്ലീബിയും (12-ാം നൂററാണ്ട്), തക്സായിൽ പല പ്രാർത്ഥനകളും കൂട്ടിച്ചേർക്കുകയുണ്ടായി. യാക്കോബിന്റെ ത്ക്സാ ഇന്നത്തെ രീതിയിൽ ആയതു 13-ാം നൂററാണ്ടിലാണ്. പതിമൂന്നാം നൂററാണ്ടിൽ, പൗരസ്ത്യ കാതോലിക്കയായിരുന്ന ഗ്രീഗോറിയോസ് ബാറെബ്രായാ, തക്സായിലെ നീണ്ട പ്രാർത്ഥനകൾ പലതും വെട്ടിച്ചുരുക്കി. ബാറെബ്രായ പരിഷ്കരിച്ച തക്സായാണ് ഇന്നു മലങ്കര സഭയിൽ ഉപയോഗിക്കുന്നത്. എന്നാൽ അന്ത്യോക്യൻ സുറിയാനിസഭ, ബാറെബ്രായയുടെ പരിഷ്ക്കാരത്തിനു മുമ്പുള്ള നീണ്ട തക്സായാണ് ഇന്നും ഉപയോഗിക്കുന്നത്. ഒരു വൈദികൻ പട്ടമേററതിനുശേഷം ചൊല്ലുന്ന ആദ്യത്തെ കുർബാനയ്ക്കും, ഒരു ദേവാലയത്തിൽ ആദ്യമായി അർപ്പിക്കുന്ന വി. കുർബാനയ്ക്കും യാക്കോബിന്റെ തക്സായാണ് ഉപയോഗിക്കുന്നത്.

**2. യാക്കോബിന്റെ തക്സായുടെ ഉപയോഗം മററു സഭകളിൽ** : യെറുശലേമിൽ ഉത്ഭവിച്ചതായതുകൊണ്ട് യാക്കോബിന്റെ തക്സായ്ക്കു മററു സഭകളിലും അംഗീകാരം ലഭിച്ചു. പാലസ്തീൻ, സിറിയ, അർമ്മേനിയ, ജോർജ്ജിയ, റഷ്യ, ഗ്രീസ്, ഈജിപ്ത് എന്നിവിടങ്ങളിലും യാക്കോബിന്റെ തക്സാ ഉപയോഗിച്ചിരുന്നു. ബൈസന്റയിൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിൽ ആദ്യകാലത്തു യാക്കോബിന്റെ തക്സായാണ് ഉപയോഗിച്ചിരുന്നത്. അഞ്ചാം നൂററാണ്ടു മുതൽ ഇതിനുപകരം സെന്റ് ജോൺ ക്രിസോസ്റ്റത്തിന്റെ തക്സായ്ക്കു കോൺസ്റ്റാന്റിനോപ്പിളിൽ പ്രാവിണ്യം സിദ്ധിച്ചു. പന്ത്രണ്ടാം നൂററാണ്ടുവരെ യെറുശലേമിലെ ഗ്രീക്കു ഓർത്തഡോക്സ് പള്ളികളിൽ യാക്കോബിന്റെ തക്സായിലാണ് കുർബാന അർപ്പിച്ചിരുന്നത്. പത്തൊൻപതാം നൂററാണ്ടിൽ യെറുശലേമിലെ ഗ്രീക്കുകാർ വീണ്ടും ഈ തക്സാ ഉപയോഗിക്കുവാൻ ശ്രമങ്ങൾ നടത്തിയെങ്കിലും, ഇന്നും മററ് തക്സാകളാണ് അവരും ഉപയോഗിക്കുന്നത്. ആറാം നൂററാണ്ടിൽ എത്യോപ്യൻ ഭാഷയിലും ഏഴാം നൂററാണ്ടിൽ ജോർജ്ജിയൻ ഭാഷയിലും, ഗ്രീക്കിലുള്ള യാക്കോബിന്റെ തക്സാ തർജമ ചെയ്തു. അർമ്മീനിയൻ ഭാഷയിലും, സ്ലാവോണിക് (റഷ്യൻ) ഭാഷയിലും ഈ തക്സാ തർജമ ചെയ്തു എങ്കിലും ഇന്ന് ഇത് ഉപയോഗത്തിലില്ല. അന്ത്യോക്യൻ സുറിയാനി സഭയിലും മലങ്കര സഭയിലും മാത്രമേ ഇന്ന് ഈ തക്സാ ഉപയോഗിക്കുന്നുള്ളു.

**3. മററു സുറിയാനി തക്സാകൾ** - മററു സുറിയാനി സഭയിൽ എഴുപതിൽപ്പരം കുർബാന തക്സാകൾ ഉണ്ടെന്നു മുകളിൽ സൂചിപ്പിച്ചു. യാക്കോബിന്റെ തക്സായുടെ മാതൃകയിലാണ് ഇവയെല്ലാം എഴുതപ്പെട്ടിരിക്കുന്നത്. പ്രാർത്ഥനകളിൽ അങ്ങിങ്ങു കാണുന്ന വ്യത്യാസങ്ങളൊഴിച്ചാൻ ഈ തക്സാകൾ തമ്മിൽ ഘടനയിൽ വലിയ അന്തരമില്ല. ചിലയവസരത്തിൽ ഒരേ ത്കസാ തന്നെ പല കൈയെഴുത്തു പ്രതികൾ പല പിതാക്കന്മാരുടെ പേരിലായിരിക്കും കാണപ്പെടുന്നത്. യാക്കോബിന്റെ തക്സാ കൂടാതെ താഴെപ്പറയുന്ന അഞ്ചു തക്സാകൾകൂടി ഇന്നു മലങ്കര സഭയിൽ സാധാരണ ഉപയോഗത്തിലുണ്ട്.

(1) ആമീദിലെ മെത്രപ്പോലീത്തായായ വി. ദീവന്നാസ്യോസ് ബർസ്ലീബിയുടെ ക്രമം (വി. ദീവന്നാസ്യോസ് 1171 ൽ ആണു കാലം ചെയ്തത്. ഇദ്ദേഹത്തിന്റെ പേരിൽ മൂന്നു തക്സാകൾ ഉണ്ട്. അതിൽ ഒന്നു മാത്രമാണു നാം ഉപയോഗിക്കുന്നത്).

(2) സ്വർണനാവുകാരനായ മാർ ഈവാനിയോസിന്റെ (വി. ജോൺ ക്രിസോസ്റ്റം) ക്രമം (+407).

(3) സുവിശേഷകനായ മാർ യൂഹാനോന്റെ ക്രമം (+96)

(4) വി. മത്തായി റോയോ (ഇടയൻ) യുടെ ക്രമം (?)

(5) റോമിലെ പാത്രിയർക്കീസായ മാർ ക്സോസ്ത്തോസിന്റെ ക്രമം (+258).

ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിലാണു യാക്കോബിന്റെ തക്സാ നമ്മുടെ സഭ സുറിയാനിയിൽ നിന്നും മലയാളത്തിലേക്കു തർജമ ചെയ്തത്. മാർത്തോമ്മാ സഭയിലും കുറെയൊക്കെ മാററം വരുത്തിയ ഈ തക്സാ തന്നെയാണ് ഉപയോഗിക്കുന്നത്. തൊഴിയൂർ സഭ നമ്മുടെ തക്സാ തന്നെ ഉപയോഗിക്കുന്നു. ദക്ഷിണേന്ത്യ സഭ (സി. എസ്. ഐ.) യുടെ ആരാധനയിൽ യാക്കോബിന്റെ ക്രമത്തിൽ നിന്നുള്ള പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# INTRODUCTION TO THE OLD TESTAMENT

The Old Testament may be described as the literary expression of the religious life of the ancient Israel. More than a thousand years of time separate the earliest and the latest composition of the Old Testament. It reflects a varies social, economic, political, religious and geographical background; the slave and the free, the nomad and the farmer, the oppressed poor and the privileged landowners and rulers, proud empires and vassal states, the desert and the green pastures, rain-watered highland and the great floodplains of the Nile and Tigris-Euphrates – these are among the settings of the drama of the Divine revelation. The Old Testament reflects the may facets of the life of Israel, and its literature acquires many forms, in it are prose and poetry, myth and legend, folk tale and history, scared hymns and a superb love song, religious and secular laws, proverbs of the wise and oracles of the prophets, epic poems, laments, parables and allegories. Despite the variety in the content, as well as in the illustrations, there is a significant unity, centered in belief in the God-of-Judgment and redemption, of justice and mercy springing out of the continuity and corporate nature of that people chosen by God to play the main role in the drama of revelation and from whom was to come Jesus of Nazareth.

The Israelites were more history – conscious than any other people in the ancient world. Probably as early as the time of David and Solomon, out of a matrix of myth, legend and history, there had appeared the earliest written form of the story of the saving acts of God from creation to the conquest of the Promised Land, an account that later in the modified form, became a part of the scripture. But, it was to a long time before the idea of the scripture arose and the Old Testament took its present form.

The Jews reckoned three divisions within the scriptures: The law, the prophets and the writings. The law is the Pentateuch, the first five books, viz. Genesis, Exodus, Leviticus, Numbers and Deuteronomy. The prophets consist of the former prophets, the latter prophets, and their books. The books of the former prophets are Joshua, Judges, Samuel and Kings( 1 and 2 Samuel are reckoned as one book, and so are also 1 and 2 Kings). The later prophets are Isaiah, Jeremiah & Ezekiel (the "Major prophets") and the book of the twelve books belong to the writings, a section which begins with the Psalms and ends with 1 & 2 Chronicles.

**THE PENTATEUCH**

The Pentateuch (which literally means the "five scrolls") comprises of the so-called "five books of Moses" known in the Jewish tradition as the Law or Thorah. These books elaborate basic themes of Israel's tradition : the revelation to the patriarchs against the background of primeval history (Genesis), the exodus from Egypt (Exodus. Ch 1-18); the giving of the law in connection with the Sinai covenant (Exodus. Ch. 19-40, Leviticus); and the Lord's guidance of His people through the wilderness towards the Promised Land (Numbers). The last book, Deuteronomy, which describes the final address of Moses to the Israel, represents a pause in the flow of the narratives towards the realization of the promise (Joshua).

The Pentateuch embraces a great diversity of material, which reflects Israel's pilgrimage from the time of Abraham to the exile. The whole tradition however has been shaped by the basic themes found essentially in the confession of faith preserved in it (Deuteronomy 26:5-10, Joshua Ch. 24). The Pentateuch may be regarded as a elaboration of this creedal statement, according to the interests and insights of the various circles of tradition. In the early monarchy, (perhaps about 950 B.C.), a traditionalist from Judah first organized the traditions into a written epic. Sometime later (between about 900 and 750 B.C.), a traditionalist from North Israel or Ephraim presented another version of the sacred story. In the seventh century B.C., Deuteronomy was published (2 Kings Ch. 22-23), although this version rests upon old traditions.

Thus, the Pentateuch took shape over a long period of time. It preserves not only the tones, which reverberated, in the Mosaic period, but also the overtones of the meaning perceived by the subsequent generations. In tribute to the creative influence of Moses, the whole traditions in its manifold richness was ascribed to the leader to whom, Israel believed, God had spoken as to no other man.

Cont...

# THE STUDY OF SACRAMENTS - HOLY BAPTISM (... Cont)

**The significance of the baptismal font**

In the Syrian tradition, the baptismal font symbolizes the spiritual womb and the tomb of Christ. George, the bishop of Arabs wrote that the baptismal font symbolizes the tomb of Christ and the water symbolizes the womb that bears spiritual , immortal believers for the Kingdom of God. St. Paul lays stress on the fact that the font resembles the tomb of Christ. According to him baptism is our partaking in Christ's death and resurrection (Rom 6:14; Col2: 12). Based on this, Moses Bar-Kepha and Dionysius Bar Sleebi opines that baptism resembles the resurrection of Christ and the believers.

**Anointing with the Holy Myron**

Many believers are under the wrong notion that the sacrament of Holy Myron is a different sacrament all together. Many see anointing as parallel sacrament to confirmation in the West. Confirmation has its origin only in the West. Confirmation is delivered to the believer, years after his / her baptism. Biblical scholars of the Roman Catholic Church still debate over its true connotation.

In the Syrian Church, the Sacrament of Myron is seen as a sacrament in itself. The anointing with Holy Myron is a cardinal rite of baptism. The Hoodaya Canon (2:3) clearly states that without the anointing with the Holy Myron, baptism would be incomplete. Baptism is a rebirth through water and spirit. For this rebirth water and Myron are the true very essential commodities. The various facets of baptism are brought out through these two mediums.

In baptism the believer in communion with Christ receives the Spirit as an anointment. The aim of anointing with Holy Myron is to make the believer partake in the anointing of Christ. The Holy Spirit that came upon Christ is also received by us through the Holy Myron.

**The White Garment**

The Catechumen after anointment is clad in a white garment. Though this rite is not mentioned in the Pampakuda service book, it is given much importance in the baptismal service book. The white garment is a sign of renewal and sanctity. In the early church those believers who received baptism during Easter were to wear the white cloth for a week. That could be the reason by which the week following Easter is better known as Hevoro (white days).

According to George, the Bishop of Arabs, the baptized becomes the child of heavenly light because of which s/he has to wear white garments. According to the book of Revelation (7:9), the believers who participate in heavenly worship wore white garments.

In the opinion of church fathers, in paradise Adam was clothed in garment of light. Because of his sins, Adam lost his garment of light and had to wear garments made of skin. White garment resembles that through baptism humankind received the garment of light for a second time.

**Crown**

The crown symbolizes royalty, victory and freedom. Through baptism we becomes the soldiers of Christ and become equipped to combat the evil forces. He who is victorious in battle receives a crown of justice (2 Tim 4:8), crown of glory (1 Pet 5: 4) and a crown of life (Rev 2:10). According to St. Paul, those who combat in worldly battles receive a fading crown whereas, the believers received an unfading crown. The crown that was given in baptism resembles the unfading crown, which we will receive in heaven (1 Cor 9:25).

**Conclusion**

According to St. Paul, the aim of baptism is to becomes one with Christ (Gal 3:27). This truth is highlighted in the N.T. with the help of diverse symbols. The various stages of baptism and anointment stress on this factor. In the Syrian tradition, Christ's baptism is the stress on this factor. in the Syrian tradition, Christ's baptism is the origin of Christian Baptism. Christ was baptized in Jordan to establish Christian Baptism. In the same Jordan River that Christ took baptism, the believer too gets baptized in it. The anointing of the Holy Spirit that Christ received is the same anointing that believer receives through Holy Myron.

Cont...